പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1207

08.02.2013-ലെ മറുപടിക്ക്

ഭൂസമരം

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

മറുപടി

ശ്രീ.അടൂർപ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഭൂസമരം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (ബി) | എങ്കിൽ സമരത്തിന്റെ ഭാഗമായി സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂപരിഷ്കരണം അട്ടിമറിക്കപ്പെടുന്നത് തടയണമെന്നും ഒരു കുടുംബത്തിന് പരമാവധി കൈവശം വയ്ക്കാവുന്ന 15 ഏക്കറിൽ അധികമുള്ള ഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും നെൽവയൽ നീർത്തട സംരക്ഷണ നിയമം സർക്കാർ അട്ടിമറിക്കുന്നു എന്ന് ആരോപിച്ചുകൊണ്ടുമാണ് സംസ്ഥാന വ്യാപകമായി സമരം നടന്നത്. |
| (സി) | സമരം ഒത്തുതീർപ്പാക്കുന്നതിന് സമരസമിതിയുമായി ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ ഏതൊക്കെ ഘട്ടങ്ങളിൽ ആരൊക്കെ പങ്കെടുത്തുകൊണ്ടാണ് ചർച്ച നടത്തിയതെന്ന് വിശദമാക്കാമോ; | (സി) | ആദ്യഘട്ടത്തിൽ റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിലും രണ്ടാംഘട്ടത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുമാണ് യോഗം നടന്നത്. |
| (ഡി) | ചർച്ചയിൽ ഏതൊക്കെ ആവശ്യങ്ങളാണ് അംഗീകരിക്കപ്പെട്ടത്; എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തത്; വിശദമാക്കാമോ; | (ഡി) | സമരക്കാരുടെ പൊതു ആവശ്യങ്ങൾ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കുകയുമാണ് ഉണ്ടായത്. |
| (ഇ) | ചർച്ചയുടെ യോഗനടപടിക്കുറിപ്പ് നൽകുമോ? | (ഇ) | ചർച്ചയുടെ നടപടിക്കുറിപ്പുകൾ രേഖപ്പെടുത്തിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ